# 2

# ബന്ധനത്തിൽ പൗലൊസിന്റെ സന്തോഷം

## (1:3-11)

1:13 ഉം 4:22 ഉം അനുസരിച്ച് പൗലൊസ് റോമിൽ ബന്ധിതനായിരുന്നു (എഫെ. 6:20 നോക്കുക). സ്വയം–പരിതപിക്കുകയും പരാതിപ്പെടുകയും ചെയ്ത് അവനു സമയം ചെലവഴിക്കാമായിരുന്നു. പകരം അവൻ സന്തോഷിക്കുകയും, മറ്റുള്ളവരെ സന്തോഷിപ്പിക്കുവാൻ ഉത്തേജിപ്പിക്കുയും ചെയ്തു: "കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു" (4:4). തന്റെ ബന്ധനങ്ങളിൽ അപ്പൊസ്തലന് എങ്ങനെ സന്തോഷിക്കുവാൻ കഴിഞ്ഞു? ലേഖനത്തിന്റെ ഈ ഭാഗം അതിനു ഉത്തരം നൽകുന്നു.

### കഴിഞ്ഞ കാലത്തെ നോക്കി ദൈവത്തിന് സ്തോത്രം ചെയ്യുന്നു[1] (1:3-5)

**3ഞാൻ നിങ്ങൾക്ക് എല്ലാവർക്കു വേണ്ടിയും കഴിക്കുന്ന സകല പ്രാ
ർത്ഥനയിലും എപ്പോഴും സന്തോഷത്തോടെ പ്രാർത്ഥിച്ചും 4നിങ്ങളിൽ
നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ
തികെക്കും എന്നു ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു. 5ഒന്നാംനാൾ
മുതൽ ഇതുവരെയും സുവിശേഷഘോഷണത്തിൽ നിങ്ങൾക്കുള്ള കൂട്ടായ്മ
നിമിത്തം.**

**വാക്യം 3–5.** നന്ദിയോടെ കഴിഞ്ഞകാലത്തെ നോക്കിയതു നിമിത്തമായിരുന്നു പൗലൊസിനു ബന്ധനത്തിൽ സന്തോഷിപ്പാൻ കഴിഞ്ഞത്. പൗലൊസിന്റെ കാലനിർണ്ണയ നിലവാരമനുസരിച്ച് അത് ശരിയാണ്. അവൻ ഫിലിപ്പിയ സഭയുമായി ബന്ധപ്പെടുവാൻ തുടങ്ങിയിട്ട് പത്തു വർഷമായിരുന്നു. ആ ബന്ധത്തിൽ അവൻ ഇഷ്ടപ്പെട്ടിരുന്ന അംഗങ്ങളായിരുന്നു അവിടെ ഉണ്ടായിരുന്നത്. ഞാൻ **നിങ്ങളെ ഓർക്കുന്ന** *സകല* **പ്രാർത്ഥനയിലും ദൈവത്തിനു സ്തോത്രം ചെയ്യുന്നു** (എംഫസിസ് ആഡഡ്). അവൻ അവർക്കു വേണ്ടി **എല്ലായ്പോഴും സന്തോഷത്തോടെ പ്രാർത്ഥനയിൽ സ്തോത്രം ചെയ്യുമായിരുന്നു.** "സകല" എന്നതു രണ്ടു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്ന ഈ വാക്യങ്ങൾ എത്ര അതിശയകരമാണ്. അവരെ കുറിച്ചുള്ള അവന്റെ എല്ലാ ഓർമ്മയിലും സ്നേഹത്തോട് അവർക്ക് നന്ദി ചെലുത്തിയിരുന്നു. അതിനർത്ഥം അവൻ ഫിലിപ്പിയയിലായിരുന്നപ്പോൾ, അവന് നല്ല കാര്യങ്ങൾ മാത്രമാണ് സംഭവിച്ചത് എന്നോ അല്ലെങ്കിൽ ഫിലിപ്പിയ സഭ പൂർണ്ണതയുള്ളതായിരുന്നു എന്നാണോ അർത്ഥം? അല്ല. അപ്പൊസ്തലൻ അവിടെ "കഷ്ടം അനുഭവിക്കയും, അവനോട് അവിടെയുള്ളവർ മോശമായി പെരുമാറുകയും

ചെയ്തിരുന്നു." (1 തെസ്സ. 2:2; പ്രവൃ. 16:16–24, 35–40). കൂടാതെ, ഫിലിപ്പിയ ഇടവക പ്രശ്നങ്ങളേയും അഭിമുഖീകരിച്ചിരുന്നു (4:2 നോക്കുക). അപ്പോൾ, പിന്നെ, പൗലൊസിന്റെ ഓർമ്മയിൽ എല്ലാ നല്ലകാര്യങ്ങളുമാണുള്ളത് എന്നു പറഞ്ഞതിന്റെ അർത്ഥം എന്താണ്?

ഫിലിപ്പിയയിൽ നടന്ന അസുഖകരമായ സംഭവങ്ങളിൽനിന്നു ഉരുത്തിരിഞ്ഞു വന്ന നന്മയായിരിക്കാം പൗലൊസ് കണ്ടത് (റോമർ 8:28 നോക്കുക). അവനെ തെറ്റായി തടവിലാക്കിയതു നിമിത്തം കാരാഗ്യഹപ്രമാണിയും അവന്റ ഭവനവും പരിവർത്തനം ചെയ്യപ്പെട്ടു (പ്രവൃ. 16:16–34). അവനോട് പട്ടണം വിട്ടു പോകുവാനാവശ്യപ്പെട്ടത് മറ്റു സ്ഥലങ്ങളിൽ സുവിശേഷം അറിയിക്കുവാൻ അവസരം ഒരുങ്ങി (പ്രവൃ. 16:39, 40; 17:1).

തീർച്ചയായും, പൗലൊസിന്റെ സുഖകരമായ ഓർമ്മകളെല്ലാം ഫിലിപ്പിയയിലെ ക്രിസ്ത്യാനികളെ കുറിച്ചുള്ളതായിരുന്നു. അവരെ കുറിച്ചു, അവൻ "തിരഞ്ഞെടുത്ത ഓർമ്മകൾ" എല്ലാം നല്ലതായിരുന്നു (4:8 നോക്കുക). തന്റെ വേലയെ അവർ സാമ്പത്തികമായ സഹായത്താൽ പിന്തുണച്ചതായിരുന്നു നല്ല ഒരു ഓർമ്മ: ഒന്നാം **നാൾ മുതൽ സുവിശേഷഘോഷണത്തിൽ അവരുടെ കൂട്ടായ്മ** "നിമിത്തം" അവൻ ദൈവത്തിനു നന്ദി ചെലുത്തിയിരുന്നു (1:5) *കൊയ്നോണിയ* എന്ന ഗ്രീക്ക് വാക്ക് തർജിമ ചെയ്തതാണ് "കൂട്ടായ്മ." പൗലൊസിനു പ്രാധാന്യമുള്ള വാക്കായിരുന്നു അത്. അവന്റെ ഈ ചെറിയ ലേഖനത്തിൽ ആ വാക്ക് വിവിധ രൂപത്തിൽ ഉപയോഗിച്ചിരിക്കുന്നത് അഞ്ചു പ്രാവശ്യം കാണാം. 1:5–ൽ "കൂട്ടായ്മ" എന്നും, 1:7–ൽ "കൂട്ടാളി" എന്നും, 2:1–ൽ "കൂട്ടായ്മ" എന്നും, 3:10–ൽ "കൂട്ടായ്മ" എന്നും, 4:15–ൽ "കൂട്ടായ്മ" എന്നുമാണ് തർജിമ ചെയ്തത്. ക്രിയാ രൂപത്തിന്റെ അടിസ്ഥാന അർത്ഥം, "പൊതുവായി എണ്ണുക" എന്നാണ്. എന്നാൽ നാമം അർത്ഥമാക്കുന്നത് "കൂട്ടായ്മ," "പങ്കാളിത്തം" എന്നാണ്[2]. ആ വാക്ക് ഉദ്ദേശിക്കുന്നത് ചേർന്നുള്ള പങ്കാളിത്തവും പങ്കിടലുമാണ്. ഒരു സമൂഹത്തിന്റെ അടുപ്പത്തെയും സഹകരണത്തെയുമാണ് അത് സൂചിപ്പിക്കുന്നത്.

അവനു വേണ്ടി പ്രാർത്ഥിക്കുന്നതുൾപ്പെടെ പല രീതിയിൽ ഫിലിപ്പിയ സഭ പൗലൊസിനെ പിന്താങ്ങിയിരുന്നു (1:19). എങ്ങനെയായാലും, "സുവിശേഷ ഘോഷണത്തിൽ ഫിലിപ്പിയരുടെ കൂട്ടായ്മയെ" കുറിച്ച് പൗലൊസ് പറഞ്ഞത്, അവരുടെ സാമ്പത്തിക സഹായത്തെ കുറിച്ചായിരുന്നു. പൗലൊസ് ചിലപ്പോൾ സാമ്പത്തിക സഹായത്തെ കുറിച്ചു പറയുമ്പോൾ "നൽകൽ" എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട് (4:15 നോക്കുക). എന്നാൽ അവന്നു പ്രിയം "കൂട്ടായ്മ" എന്ന വാക്കാണ്. നൽകലിനെ കുറിച്ചുള്ള അവന്റെ ദീർഘമായ പ്രസംഗത്തിൽ (2 കൊ. 8:9), അവൻ "സൗമനസ്യം" (ദാനം) "പങ്കാളിത്തം" (കൂട്ടായ്മ) "സഹായം" എന്നിങ്ങനെ പറഞ്ഞിരിക്കുന്നു (2 കൊ. 8:4 നോക്കുക).

അവരുടെ പൊതുവായ വിശ്വാസം നിമിത്തം, ഫിലിപ്പിയർ തങ്ങൾക്കുള്ളത് പൗലൊസിനെ സഹായിക്കുവാനായി പങ്കിട്ടു. അദ്ധ്യായം 4 ൽ അവൻ എഴുതി, "ഫിലിപ്പിയരേ, സുവിശേഷ ഘോഷണത്തിന്റെ ആരംഭത്തിൽ ഞാൻ മക്കെദോന്യയിൽനിന്നു പുറപ്പെട്ടാറെ നിങ്ങൾ മാത്രമല്ലാതെ ഒരു സഭയും വരവു ചെലവ് കാര്യത്തിൽ എന്നോട് കൂട്ടായ്മ കാണിച്ചില്ല എന്നു നിങ്ങളും അറിയുന്നു. തെസ്സലൊനിക്യയിലും എന്റെ ബുദ്ധിമുട്ട് തീർപ്പാൻ നിങ്ങൾ ഒന്നു രണ്ടുവട്ടം അയച്ചു തന്നുവല്ലൊ" (4:15, 16). അവനെയും കൂട്ടരേയും ലുദിയ തന്റെ വീട്ടിലേക്ക് ക്ഷണിച്ചതുമുതൽ തുടങ്ങിയതാണ് അവരുടെ പങ്കിടൽ.

അത് അവസാനം, എപ്പഫ്രൊദിത്തൊസിന്റെ കയ്യിൽ റോമിലേക്ക് സഹായം അയച്ചുകൊടുക്കുന്നതു വരെ തുടർന്നിരുന്നു (4:10, 18).

## ദൈവത്തിലുള്ള വിശ്വാസത്തോടുകൂടി വർത്തമാന കാലത്തെ നോക്കി (1:6-8)

**[6]ഞാൻ നിങ്ങളെ ഓർക്കുമ്പോഴൊക്കെയും എന്റെ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു. [7]കൃപയിൽ എനിക്കു കൂട്ടാളികളായ നിങ്ങളെ ഒക്കെയും എന്റെ ബന്ധനങ്ങളിലും സുവിശേഷത്തിന്റെ പ്രതിവാദത്തിലും സ്ഥിരീകരണത്തിലും ഞാൻ എന്റെ ഹൃദയത്തിൽ വഹിച്ചിരിക്കകൊണ്ട് അങ്ങനെ നിങ്ങളെ എല്ലാവരെയും കുറിച്ചു വിചാരിക്കുന്നത് എനിക്ക് ന്യായമല്ലോ. [8]ക്രിസ്തുയേശുവിന്റെ ആർദ്രതയോടെ ഞാൻ നിങ്ങളെ എല്ലാവരേയും കാൺമാൻ എത്ര വാഞ്ഛിക്കുന്നു എന്നതിനു ദൈവം സാക്ഷി.**

**വാക്യം 6**. തന്റെ സഹോദരീസഹോദരന്മാരെ കുറിച്ച് ഓർത്തപ്പോൾ, പൗലൊസിന്റെ ഉള്ളം വിശ്വാസം കൊണ്ട് നിറഞ്ഞിരുന്നു. അവൻ പറഞ്ഞു, **എനിക്ക് അത് ന്യായമല്ലോ**. "വിശ്വാസം" എന്ന വിഷയം ലേഖനത്തിലുടനീളം കാണാം. അനിശ്ചിത ലോകത്തിൽ വിശ്വാസം ഉന്മേഷം പകരുന്നതാണ്. "വിശ്വാസം" എന്നതിന്റെ വിവിധരൂപത്തിലുള്ള ഗ്രീക്ക് വാക്കുകൾ പുസ്തകത്തിൽ അങ്ങിങ്ങായി ചുരുങ്ങിയത് അഞ്ചു പ്രാവശ്യമെങ്കിലും കാണാം:1:6ൽ ഉപയോഗിച്ച ഇംഗ്ലീഷ് വാക്ക് "കോൺഫിഡന്റ്" എന്നാണ്; 1:14 ൽ "ധൈര്യം" എന്നാണ്; 1:25 ൽ "വിശ്വാസം" എന്നും; 3:4 ൽ "ആശ്രയം" എന്നും (രണ്ട് പ്രാവശ്യം) ഉപയോഗിച്ചിരിക്കുന്നു. വിശ്വാസത്തിന്റെ ശരിയായ അവസ്ഥ എപ്പോഴും സൂക്ഷിക്കുക പ്രയാസമാണ്. ഒരാൾക്ക് അമിതമായ വിശ്വാസമായാൽ നിന്ദ്യവും കീഴമർത്തുന്നതുമായേക്കാം. നേരെ മറിച്ച്, ഒരാൾക്ക് വിശ്വാസം കുറയുന്നത് അയാൾക്ക് ശത്രുവായി തീരുകയും പലപ്പോഴും പരിശ്രമിക്കുവാൻ പോലും തയ്യാറാകാതെ വരികയും ചെയ്യുന്നു.

ദൈവത്തിലുള്ള വിശ്വാസത്തോടുകൂടെ പൗലൊസ് വർത്തമാനകാലത്തെ നോക്കിയതിനാൽ അവന് ബന്ധനത്തിലും സന്തോഷിക്കുവാൻ കഴിഞ്ഞു–അവരിൽ **നല്ല പ്രവൃത്തി തുടങ്ങിയവൻ** നിമിത്തം. അവൻ *ദൈവത്തിൽ*–വിശ്വസിച്ചതുപോലെ, *തന്നിൽ*–തന്നെ വിശ്വസിച്ചിരുന്നില്ല. ദൈവം ആരാകുന്നു എന്നറിഞ്ഞതിനാലായിരുന്നു അവനിൽ വിശ്വാസം നിറഞ്ഞത്: നമ്മിൽ പ്രവർത്തിക്കുന്നവൻ. അദ്ധ്യായം 2 ൽ അപ്പൊസ്തലൻ എഴുതി, "ഇഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലൊ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നത്" (2:13). ദൈവം ക്രിസ്ത്യാനികളിൽ വിവിധ രീതിയിലാണ് പ്രവർത്തിക്കുന്നത്: തന്റെ വചനം മുഖാന്തരം അവൻ നമ്മിൽ പ്രവർത്തിക്കുന്നു (എബ്രാ. 4:12). നമ്മുടെ ഓരോ ദൈനന്തിന സംഭവങ്ങളിലും പ്രവൃത്തിക്കും (റോമർ 5:3–5; യാക്കൊ. 1:2,3). അവൻ ആളുകളിൽ കൂടെ പ്രവർത്തിക്കും (2 കൊ. 7:6 നോക്കുക). സ്നാനമേൽക്കുമ്പോൾ, *അത്ഭുതരഹിതമായി* പ്രവർത്തിക്കുവാൻ ദാനമായി നൽകുന്ന ആത്മാവു മുഖാന്തരവും അവൻ പ്രവർത്തിക്കും (പ്രവൃ. 2:38; റോമർ 8:9, 26–28).

ഫിലിപ്പിയയിൽ വെച്ച് ദൈവം പ്രവർത്തിക്കുന്നത് പൗലൊസ് കാണുകയും കൈവരിച്ച എല്ലാ നന്മക്കും കർത്താവിനെ സ്തുതിക്കുവാൻ അവൻ

യോഗ്യനാണെന്നു തിരിച്ചറിയുകയും ചെയ്തിരുന്നു. ഫിലിപ്പിയയിൽ സഭ ആരംഭിക്കുവാൻ കഴിഞ്ഞതിൽ അവൻ ദൈവത്തിനാണ് ബഹുമതി നൽകിയത്. കൂടാതെ, ദൈവം ആരംഭിച്ചത് അവൻ അവസാനിപ്പിക്കും എന്നും അവൻ വിശ്വസിച്ചിരുന്നു: **ക്രിസ്തുയേശുവിന്റെ നാളിൽ അവൻ അത് തികെക്കും**. "തികെക്കും" എന്നത് സംയുക്ത ഗ്രീക്ക് വാക്കിൽനിന്നുവന്നതാണ്, അർത്ഥം, "നിർവ്വഹണം പൂർത്തിയാക്കൽ."[3] "ക്രിസ്തുയേശുവിന്റെ നാളിൽ" എന്നു പറയുന്നത് കർത്താവിന്റെ രണ്ടാം വരവിനെയാണ് സൂചിപ്പിക്കുന്നത് (1 തെസ്സ. 5:2 നോക്കുക). ആ പ്രത്യേക ദിവസത്തെ കുറിച്ച് പൗലൊസ് പിന്നെയും ഫിലിപ്പിയരോട് 3:20, 21–ൽ പറഞ്ഞിരിക്കുന്നു. ലോകം അവസാനിക്കുന്നതുവരെ ഫിലിപ്പിയരിലും (മറ്റു ക്രിസ്ത്യാനികളിലും) ദൈവം തുടർച്ചയായി "പ്രവർത്തിക്കും" എന്നാണ് പൗലൊസ് പറഞ്ഞത്.

ദൈവം തന്റെ പ്രവൃത്തി തികെക്കും എന്നു പൗലൊസ് പറഞ്ഞിരിക്കുന്നതിനാൽ, ക്രിസ്ത്യാനികൾ വീണുപോകുകയില്ല എന്ന് അർത്ഥമാക്കരുത് (അദ്ധ്യാ. 3 നോക്കുക). വീണുപോകാതെ നോക്കുവാനുള്ള ശക്തമായ താക്കീതാണ് പൗലൊസ് നൽകുന്നത്: ദൈവം നമ്മെ കരുതുകയും നമ്മുടെ ജീവിതത്തിൽ സജീവമായിരിക്കുകയും ചെയ്യും.

പൗലൊസ് പ്രകടിപ്പിച്ച വിശ്വാസത്തിന്റെ പ്രാഥമികമായ കാരണം ദൈവം ആരാകുന്നു എന്നതിനാലും, ഫിലിപ്പിയയിലെ ക്രിസ്ത്യാനികൾ ആരായിരുന്നു എന്നതിനാലും ആയിരുന്നു: ദൈവത്തിനു പ്രവർത്തിക്കുവാൻ കഴിഞ്ഞ ആളുകൾ. പ്രവർത്തിക്കുവാൻ ദൈവം പൂർണ്ണതയുള്ള ആളുകളെ നോക്കുകയില്ല. മറിച്ച്, അവരുടെ ജീവിതത്തിൽ തന്നെ പ്രവർത്തിക്കുവാൻ *അനുവദിക്കുന്ന*വരെയാണ് ദൈവം നോക്കുന്നത്.

**വാക്യം 7**. ഫിലിപ്പിയയിലെ ക്രിസ്ത്യാനികളിൽ തനിക്ക് വിശ്വാസമുണ്ട് എന്നു പൗലൊസ് പറഞ്ഞപ്പോൾ, അവനിൽ ധാരാളം വികാരങ്ങളുണ്ടായിരുന്നു. ഒരു വികാരം സ്നേഹം ആയിരുന്നു. അവൻ അവരോടു പറഞ്ഞു, **എന്റെ ഹൃദയത്തിൽ നിങ്ങളുണ്ട്**. ഈ പ്രയോഗവുമായി ബന്ധപ്പെട്ട പഴയനിയമത്തിലെ ഒരു ഉദാഹരണം വാരെൻ വിയേഴ്സ്ബേ പറഞ്ഞിരിക്കുന്നു:

> പഴയനിയമത്തിലെ മഹാപുരോഹിതൻ തന്റെ ഹൃദയത്തിന്മേൽ പ്രത്യേക വസ്ത്രമായ ഏഫോദ് ധരിച്ചിരുന്നു. അതിന്മേൽ യിസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളുടേയും പേർ കൊത്തിയ ഓരോ ഗോത്രത്തിനും ഓരോ ആഭരണം എന്ന നിലയിൽ പന്ത്രണ്ടു കല്ലുകളും ഉണ്ടായിരുന്നു. ([പുറ] 28:15–29). അവൻ ആളുകളെ സ്നേഹത്തിൽ തന്റെ ഹൃദയത്തിൽ വഹിച്ചിരുന്നതുപോലെയായിരുന്നു പൗലൊസും.[4]

പൗലൊസിനു പ്രത്യേകത തോന്നുവാൻ എന്ത് യോഗ്യതകളായിരുന്നു ഫിലിപ്പിയർക്ക് ഉണ്ടായിരുന്നത്? അവൻ പിന്നെയും *കൊയിനോണിയ* (പങ്കാളികൾ) ഉപയോഗിച്ച് തന്റെ വായനക്കാരെ കുറിച്ച് "പൊതുവിലുള്ള" മൂന്നു പ്രകടനങ്ങൾ നടത്തിയിരിക്കുന്നു: **തടവിനെ** കുറിച്ച് അവരുടെ കൂട്ടായ്മ, **സുവിശേഷം**, **കൃപ** എന്നാണ് പറഞ്ഞത്.

പൗലൊസിന്റെ തടവുമായുള്ള ബന്ധത്തിൽ അവരുടെ കൂട്ടായ്മ, തടവി

ലായ സമയത്ത് മറ്റുള്ളവരെല്ലാം പിന്തിരിഞ്ഞു പോയിട്ടും ഫിലിപ്പിയ സഭ അവനെ ഉപേക്ഷിച്ചില്ല (1:15, 17; 2 തിമൊ. 1:8; 4:16 നോക്കുക). അവർ അവനെ സഹായിക്കുന്നതു തുടർന്നിരുന്നു.

സുവിശേഷത്തിൽ അവരുടെ കൂട്ടായ്മ സംബന്ധിച്ച്, സുവിശേഷം ആക്രമിക്കപ്പെട്ടപ്പോൾ, അവർ **പ്രതിരോധത്തിലും ഉറപ്പിക്കലിലും** ഉറച്ചു നിന്നു. "പ്രതിരോധം" എന്നതിന് ഉപയോഗിച്ച വാക്കിൽനിന്നാണ് നമുക്ക് "അപ്പോളെജറ്റിക്സ്"[5] എന്ന വാക്ക് ലഭിച്ചത്. അത് വാമൊഴിയായുള്ള "പ്രതിരോധത്തെ" ആണ് സൂചിപ്പിക്കുന്നത്.[6] അതിൽ എതിർപ്പുകളെ പ്രതിവാദത്തോടെ നേരിടുന്നതും ഉൾപ്പെടും. സുവിശേഷത്തെ "പ്രതിരോധിക്കുന്ന" ക്രിയാത്മക വശമാണ് "ഉറപ്പിച്ചു" എന്ന വാക്ക്: അത് വിശ്വാസത്തെ കാത്തുസൂക്ഷിക്കുന്ന ഉപദേശത്തെയും പ്രബോധനത്തെയുമാണ് പറയുന്നത് (പ്രവൃ. 14:21, 22 നോക്കുക).

അവരുടെ "കൃപയുടെ" കൂട്ടായ്മ സംബന്ധിച്ച്, പൗലൊസ് കൃപ (അനർഹമായ ഉപകാരം) എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് അവൻ ആയിരുന്നതും അവൻ ചെയ്തതും കാണിക്കുവാനാണ് (റോമർ. 1:5 നോക്കുക). അവൻ രക്ഷിക്കപ്പെട്ടത് കൃപയാൽ, അവൻ അപ്പൊസ്തലനായത് കൃപയാൽ, അവൻ ശുശ്രൂഷിച്ചതും ദൈവകൃപയാലായിരുന്നു. ഫിലിപ്പിയർ പൗലൊസിനെയും സുവിശേഷത്തെയും പിന്താങ്ങിയപ്പോൾ അവർ കൃപയുടെ "പങ്കാളികളായി" തീർന്നു.

**വാക്യം 8.** *സ്പ്ലാഞ്ച്നോൺ* എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നതാണ് "അഫെക്ഷൻ" ("ബോവെൽസ്"; കെജെവി). അത് ആന്തരികാവയവങ്ങളെ ചേർത്തു പറയുന്നതാണ്, "കുടൽ."[7] അക്കാലത്ത് ആ അവയവങ്ങൾ വികാര കേന്ദ്രമായിട്ടാണ് അറിയപ്പെട്ടിരുന്നത്. പൗലൊസ് **ആർദ്രതയോടെ** ഫിലിപ്പിയരെ കാൺമാൻ വാഞ്ഛിക്കുന്നു എന്നു പറഞ്ഞപ്പോൾ, തന്റെ വികാരത്തിന്റെ ആഴവും ശക്തിയും അവൻ പ്രകടിപ്പിക്കുകയായിരുന്നു. "ഞാൻ ഹൃദയംഗമമായി നിന്നെ കാൺമാൻ ആഗ്രഹിക്കുന്നു" എന്നായിരിക്കും ആധുനിക കാലത്ത് പറയുക. "ആർദ്രത" എന്ന വാക്കിനേക്കാൾ യോഗ്യത **യേശുക്രിസ്തുവിന്റെ** എന്നതിനാണ്. കർത്താവ് കാണിച്ച സ്നേഹത്താലായിരുന്നു പൗലൊസ് ഫിലിപ്പിയരെ സ്നേഹിച്ചത്! അത് നിസാരമായ അവകാശമായിരുന്നില്ല–അവൻ പറഞ്ഞതിനെ ഉറപ്പിക്കുന്നതായിരുന്നു, **ദൈവം സാക്ഷി** എന്ന വാക്ക്.

## ദൈവത്തോട് പ്രാർത്ഥിച്ച്
## ഭാവിയെ നോക്കൽ (1:9-11)

**9നിങ്ങളുടെ സ്നേഹം പരിജ്ഞാനത്തിലും സകല വിവേകത്തിലും മേൽക്കുമേൽ വർദ്ധിച്ചു വന്നിട്ട് 10നിങ്ങൾ ഭേദാഭേദങ്ങളെ വിവേചിപ്പാറാകേണം എന്നും ക്രിസ്തുവിന്റെ നാളിലേക്ക് നിർമ്മലന്മാരും ഇടർച്ചയില്ലാത്തവരും 11ദൈവത്തിന്റെ മഹത്വത്തിന്നും പുകഴ്ച്ചക്കുമായിട്ട് യേശുക്രിസ്തുവിനാൽ നീതിഫലം നിറഞ്ഞവരായി തീരേണം എന്നും ഞാൻ പ്രാർത്ഥിക്കുന്നു.**

**വാക്യം 9.** പൗലൊസ് തുടർന്നു, **ഞാൻ പ്രാർത്ഥിക്കുന്നു.** “പ്രാർത്ഥനക്ക്” ഇവിടെ ഉപയോഗിച്ച ഗ്രീക്ക് വാക്ക് പൊതുവിൽ പ്രർത്ഥനയിലെ എല്ലാ മൂല കങ്ങളും ഉൾപ്പെടുന്നതാണ് (ഉദാഹരണമായി സ്തുതിയും സ്തോത്രവും).

അവർ സ്നേഹത്തിൽ വളരുവാനാണ് അവൻ ആദ്യം പ്രാർത്ഥിച്ചത്: **നിങ്ങളുടെ സ്നേഹം മേൽക്കുമേൽ വർദ്ധിച്ചു വരേണ്ടതിന്ന്.** “സ്നേഹം” എന്ന വാക്ക് തർജിമ ചെയ്ത ഗ്രീക്ക് വാക്ക് *അഗാപെ*, “നിസ്വാർത്ഥമായ സ്നേഹമാണ്”, അത് ആർക്ക് നൽകുന്നുവോ അയാളുടെ നന്മ പ്രതീക്ഷിക്കുന്നതായിരിക്കണം. അപ്പൊസ്തലൻ ഇവിടെ താരതമ്യേനയുള്ളവയെ ശേഖരിച്ചിരിക്കുന്നു: അവരുടെ സ്നേഹം “വർദ്ധിക്കുവാൻ” അവൻ പ്രാർത്ഥിച്ചശേഷം, “മേൽക്കുമേൽ” “വർദ്ധിപ്പിക്കുവാൻ” പറഞ്ഞു. അവരുടെ സ്നേഹം ശക്തമായി ഒഴുകുന്ന ഒരു അരുവി പോലെ ആകുവാനായിരുന്നു അവൻ പ്രാർത്ഥിച്ചത്, സ്നേഹത്തിന് ദിശ ആവശ്യമാണ്. ഒരു നദി നിയന്ത്രണം വിട്ടാൽ നാശകരമായിരിക്കും. തലയും ഹൃദയവും ഒരുമിച്ചു പ്രവർത്തിക്കണം (മത്താ. 22:37; റോമർ 10:2). അക്കാരണത്താൽ പൗലൊസ് തന്റെ പ്രാർത്ഥനയിൽ രണ്ടു കാര്യങ്ങൾ കൂടെ ഉൾപ്പെടുത്തി.

അവർ **യഥാർത്ഥ പരിജ്ഞാനത്തിൽ** വളരുവാനായിരുന്നു അവൻ പിന്നെ പ്രാർത്ഥിച്ചത്. (*എപി*) “മേൽ” എന്നും (*ഗ്നോസിസ്*) “പരിജ്ഞാനം” എന്നീ വാക്കുകൾ സംയോജിപ്പിച്ച വാക്കിൽനിന്നാണ് “യഥാർത്ഥ പരിജ്ഞാനം” എന്ന പ്രയോഗം നമുക്ക് ലഭിച്ചിരിക്കുന്നത്. അത് “ചിലത് കൂട്ടിച്ചേർക്കുന്ന” ജ്ഞാനമാണ്. അമാനുഷ ജ്ഞാനമല്ല. അതിന്റെ അർത്ഥം, മനസിലാക്കുന്ന അറിവായ “*മുഴുവൻ* മനസിലാക്കൽ” എന്നാണ്[8]. സിജെബിയിൽ “പരിജ്ഞാനത്തിന്റെ സമ്പൂർണ്ണത” എന്നാണ്. ദൈവത്തെയും അവന്റെ ഇഷ്ടത്തെയും അറിയുന്ന ആത്മിയ പരിജ്ഞാനമാണ് പൗലൊസിന്റെ മനസിൽ ഉണ്ടായിരുന്നത്. അത്തരം പരിജ്ഞാനം ലഭിക്കുന്നത് ദൈവവചനം ശരിയായി പഠിക്കുകയും ഒരാളുടെ ജീവിതത്തിൽ അതിന്റെ അർത്ഥമെന്തെന്ന് ഗ്രഹിക്കുവാൻ ധ്യാനിക്കുകയും വേണം.

ഫിലിപ്പിയർക്കു വേണ്ടിയുള്ള പൗലൊസിന്റെ പ്രാർത്ഥനയിലെ അടുത്ത കാര്യം ഇതുമായി അടുത്ത ബന്ധമുള്ളതാണ്: അവർ **സകല വിവേകത്തിലും** വളരുവാൻ അവൻ പ്രാർത്ഥിച്ചു. “വിവേകം” എന്ന വാക്ക് തർജിമ ചെയ്തത് (*എയിസ്തെസിസ്*), അർത്ഥം, “ഗ്രഹിക്കൽ, മനസിലാക്കൽ”[9] എന്നാണ് എൻ ഐവിയിൽ “ഉൾക്കാഴ്ച്ചയുടെ ആഴം” എന്നാണ്. ഒരാൾക്ക് “വിവേചിപ്പാൻ” കഴിഞ്ഞാൽ വ്യത്യാസം മനസിലാക്കുവാൻ കഴിയും. ആ കഴിവാണ് പക്വത.

ആത്മിയ വ്യത്യാസം മനസിലാക്കുവാനായി ഫിലിപ്പിയർ വളരുവാനായിരുന്നു പൗലൊസ് പ്രാർത്ഥിച്ചത്. എബ്രായർ 5:14 പറയുന്നത് “നന്മതിന്മകളെ തിരിച്ചറിയുവാൻ തഴക്കത്താൽ അഭ്യസിച്ച ഇന്ദ്രിയങ്ങളുള്ളവരായി പ്രായം തികഞ്ഞവർക്കേ പറ്റുകയുള്ളു” എന്നാണ്. വാക്യം 9 ലും 10 ലും പൗലൊസ് പറഞ്ഞ “വിവേചനം” ആണ് അത്. പൗലൊസിന്റെ ആഗ്രഹത്തെ കുറിച്ച് എൻസിവി പറയുന്നത്, “നിങ്ങൾക്ക് സ്നേഹത്തോടുകൂടെ വിവേചനവും പരിജ്ഞാനവും ഉണ്ടാകുകയും; നന്മയും തിന്മയും തമ്മിലുള്ള വ്യത്യാസം അങ്ങനെ മനസിലാക്കുകയും ചെയ്യും.”

**വാക്യം 10.** വിവേകത്തിൽ തന്റെ വായനക്കാർ ഒരു പടി കൂടെ മുൻപോട്ടു പോകുവാനാണ് പൗലൊസ് താൽപര്യപ്പെട്ടത്. അവർ **ഭേദാഭേദങ്ങളെ വിവേചിപ്പാറാകേണം** എന്നാണ് അവൻ ആഗ്രഹിച്ചത്. പരിശോധിച്ച് ശരിയാ

യതു ഉറപ്പു വരുത്തുന്നതിനെയാണ് "അപ്രൂവ്" (*ഡോകിമാസോ*) സൂചിപ്പി ക്കുന്നത്. ലോഹ പരിശോധനക്കാണ് LXX ൽ ആ വാക്ക് ഉപയോഗിച്ചിരുന്നത് (സദൃ. 8:10; 17:3; 27:21). "ഭേദാഭേദം" എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത് (*ഡയാഫെരോ*) അർത്ഥം, "വ്യത്യാസമുള്ളത്" എന്നാണ്. വാക്യം 10 ലെ "പ്ര ത്യേകമായ" എന്ന വാക്ക് ഈ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. "അതിന്റെ പ്രത്യേകത നിമിത്തം വിലമതിക്കാത്തതായി" (ഫിലിപ്പിയർ 4:8 പ റയുന്നത് "എക്സലൻസ്" എന്നും "സൽകീർത്തിയായുള്ളതു" എന്നുമാണ്). എന്താണ് നല്ലതെന്നു തിരിച്ചറിയുക മാത്രമല്ല, അധികം നല്ലതും, കൂടുതൽ ന ല്ലതും വേർതിരിച്ചറിയുന്നതും പ്രാധാന്യമുള്ള കാര്യമാണ്, വേറൊരു വിധ ത്തിൽ പറഞ്ഞാൽ "ഭേദാഭേദങ്ങളെ" വിവേചിക്കണം എന്നർത്ഥം.

ഫിലിപ്പിയർ ക്രിസ്തീയ സ്വഭാവത്തിൽ വളരുവാനും പൗലൊസ് പ്രാ ർത്ഥിച്ചു: **ക്രിസ്തുവിന്റെ നാളിലേക്ക് നിർമ്മലരും ഇടർച്ചയില്ലാത്തവരും** ആകേണ്ടതിന്ന്. ഇംഗ്ലീഷ് വാക്ക് "സിൻസിയർ" ലാറ്റിൻ വാക്കുകളിൽ നി ന്നാണ് വന്നത്: *സിൻ*, അർത്ഥം "കൂടാതെ," എന്നും *സിയർ*, അർത്ഥം, "മെഴു ക്" എന്നുമാണ്.

> ഇറ്റാലിയൻ മാർബിൾ കച്ചവടക്കാരും പിഞ്ഞാണക്കച്ചവടക്കാരും അവ രുടെ സാമഗ്രികൾക്ക് പൊട്ടലോ വിള്ളലോ ഉണ്ടായാൽ ഒരു തരം മെഴു കുകൊണ്ട് അടച്ച് അവയുടെ കുഴപ്പം മറെയ്ക്കുന്ന പതിവുണ്ടായിരുന്നു; എന്നാൽ കൂടുതൽ മേന്മയുള്ള കച്ചവടക്കാർ തങ്ങളുടെ പരസ്യങ്ങളിൽ അവരുടെ സാധനങ്ങൾ *സിൻസിയർ* (മെഴുക് ഇല്ലാതെ) ആണെന്ന് എടുത്തു കാണിച്ചിരുന്നു; അതിൽനിന്നു രൂപപ്പെട്ടു വന്നതാണ് ഇംഗ്ലീ ഷിലെ "സിൻസിയർ" എന്ന വാക്ക്, അതിന്റെ ... അർത്ഥം "വഞ്ചന ഇല്ലാതെ," അല്ലെങ്കിൽ "കാപട്യം ഇല്ലാതെ."[10]

"സിൻസിയർ" എന്നതിന്റെ ഗ്രീക്ക് വാക്ക് സംയുക്ത വാക്കാണ്, അതിന്റെ അടിസ്ഥാന അർത്ഥം "സൂര്യപ്രകാശത്തിൽ വിധിച്ചു"[11]–*എയിലിക്രിനെസ്*, സൂര്യപ്രകാശം എല്ലാ കുറവുകളും കുറ്റങ്ങളും വെളിപ്പെടുത്തുന്നു, "സൂര്യ പ്രകാശത്തിൽ പരിശോധിച്ച്" ശരിയായതോ എന്നു ഉറപ്പിക്കാമായിരുന്നു. അപ്പോൾ, ഇംഗ്ലീഷിലും ഗ്രീക്കിലുമുള്ള വാക്കുകൾ ഒരേ അർത്ഥമായ "കാപ ട്യരഹിതം" എന്നാണ് ഉദ്ദേശിക്കുന്നത്.

"സിൻസിയർ" എന്ന വാക്കിനോടുകൂടെ പൗലൊസ് "ഇടർച്ചയില്ലാത്ത വരും" എന്നു ചേർത്തിരിക്കുന്നു, അതിനർത്ഥം "പൂർണ്ണത" എന്നല്ല; അങ്ങനെ ആയിരുന്നു എങ്കിൽ ആരും "യോഗ്യർ" ആകുമായിരുന്നില്ല (റോമർ 3:23). ഒരാൾ ആരാലും കുറ്റപ്പെടുത്താത്തവൻ എന്നും അതിന് ഒർത്ഥമില്ല; തെറ്റു കാരാണെന്ന് യേശുവിനെയും അപ്പൊസ്തലന്മാരെയും കുറ്റപ്പെടുത്തിയി രുന്നു (മത്താ. 27:12; പ്രവൃ. 24:2; 3 യോഹ. 10). ക്രിസ്ത്യാനികൾ ശരിയായത് ചെയ്യുവാൻ ശ്രമിക്കുന്നവരാണെന്ന് കാണിക്കുന്നതാണ് അത്. "കുറ്റമില്ലാത്ത" എന്നത് തർജിമ ചെയ്തത് (*അപ്രോസ്കോപോസ്*), അർത്ഥം "ഇടർച്ച." കൂടാതെ "നിഷേധ ഉപസർഗമായി വയ്ക്കുക"[12] എന്നാണ്, അക്ഷരികമായ അർത്ഥം "ഇടർച്ചയില്ലാതെ." ക്രിസ്ത്യാനികൾ തങ്ങളുടെ കഴിവിന്റെ പരമാ വധി "ഇടർച്ച വരുത്താതെ" ദൈവഭക്തിയുള്ള ജീവിതം നയിക്കണം (2 പത്രൊ. 1:10). കൂടാതെ, അവർ മറ്റുള്ളവരുടെ അവകാശങ്ങളെയും കുറിച്ച് കരുതലുള്ള

വരായിരിക്കണം–അങ്ങനെ അവർ മറ്റുള്ളവർക്ക് "ഇടർച്ച" വരുത്താതെ ജീവിക്കണം (1 കൊ. 8:13; 1 യോഹ. 2:10). "നിർമ്മലവും," "ഇടർച്ചയില്ലാത്തവരും" എന്നത് അന്യോന്യം പ്രശംസിക്കത്തക്കതാണ്. ആദ്യത്തേത് സ്വഭാവവുമായി ബന്ധപ്പെട്ടതും, രണ്ടാമത്തേത് ബഹുമതിയുമായി ബന്ധപ്പെട്ടതുമാണ്. രണ്ടും പ്രാധാന്യമുള്ളതാണ്.

**വാക്യം 11.** *ഫലമുള്ള ജീവിതത്തിലേക്ക് വളരുവാനായിട്ടാണ്* പൗലൊസ് ഫിലിപ്പിയയിലുള്ള സഹോദരീസഹോദരന്മാർക്കായി പ്രാർത്ഥിച്ചത്, **നീതിഫലം നിറഞ്ഞവരായി തീരേണം**. "ഫലം" എന്ന വാക്ക് പുതിയനിയമത്തിൽ പല വിധത്തിൽ ഉപയോഗിച്ചിട്ടുണ്ടെങ്കിലും, കർത്താവിനോടടുത്ത് ജീവിക്കുമ്പോഴുണ്ടാകുന്ന പ്രായോഗിക ഫലത്തെയാണ് ഇവിടെ പറയുന്നത്: മറ്റുള്ളവർക്ക് കാണത്തക്കവണ്ണം ക്രിസ്തുവിനെപോലെയുള്ള സ്വഭാവഗുണങ്ങൾ. ആത്മാവിന്റെ ഫലങ്ങൾ, "സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം" എന്നിവയാണ് (ഗലാ. 5:22, 23). തന്റെ വായനക്കാർ അത്തരം "ഫലങ്ങളിൽ" "നിറഞ്ഞു" വരുവാനായിരുന്നു പൗലൊസ് ആഗ്രഹിച്ചത്. നിറയെ ഫലമുള്ള വൃക്ഷമാണ് മനസിലേക്ക് വരുന്നത്. യേശു തന്റെ ശിക്ഷ്യന്മാരോട് പറഞ്ഞു, "നിങ്ങൾ *വളരെ* ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു; അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും" (യോഹ. 15:8; എംഫസിസ് ആഡഡ്).

ഒരാളിൽ എങ്ങനെയാണ് "നീതിഫലം നിറയുന്നത്"? **ഫലം വരുന്നത് യേശുക്രിസ്തു മുഖാന്തരമാണ്**. ഭൗതികമായ ഫലം പുറപ്പെടുവിക്കുന്നതിനും പ്രയത്നം ആവശ്യമായിരിക്കുന്നതുപോലെ, ആത്മിയ ഫലത്തിനും പ്രയത്നം ആവശ്യമാണ്; ഭൗതികമായും ആത്മികമായും ഫലം പുറപ്പെടുവിക്കുവാനുള്ള ഉറവിടം കർത്താവ് തന്നെയാണ്. ഒരു വൃക്ഷമോ മുന്തിരിവള്ളിയോ ഫലം പുറപ്പെടുവിക്കുമ്പോൾ വലിയ ശബ്ദം ഒന്നും പറപ്പെടുവിക്കുകയില്ല. അത് മനസിലാക്കുന്നവർ അഹങ്കരിക്കുകയോ സ്വയം പുകഴ്ത്തുകയോ ചെയ്യുകയില്ല. കാരണം നമ്മുടെ ജീവിതത്തിൽ *കർത്താവാണ്* "ഫലം" പുറപ്പെടുവിക്കുന്നതിന്റെ ഉറവിടം; കർത്താവ് പറഞ്ഞു, "ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ, അവൻ വളരെ ഫലം കായ്ക്കും, എന്നെ പിരിഞ്ഞു നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല" (യോഹ. 15:5).

ഒരാൾ "നീതിഫലത്തിൽ" "നിറഞ്ഞുവരേണം" എന്നു പറയുവാൻ കാരണം എന്താണ്? **ദൈവത്തിന്റെ മഹത്വത്തിനും പുകഴ്ച്ചക്കും**. ക്രിസ്ത്യാനികൾ പറയുന്നതും പ്രവർത്തിക്കുന്നതും എല്ലാം കർത്താവിന്നു മഹത്വം കൊടുക്കുന്നതായിരിക്കണം. "മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" എന്നാണ് യേശു പറഞ്ഞത് (മത്താ. 5:16).

## പ്രായോഗികത

### "ബന്ധിക്കപ്പെട്ട" ആൾ (1:3–11)

നാം ഭൗതികമായി ബന്ധിക്കപ്പെട്ടിട്ടില്ലെങ്കിലും, നമ്മിൽ പലരും പല ആകൃതിയിലും നീളത്തിലുമുള്ള "ബന്ധനത്തിൽ" ആണ്:

ഗുരുതരമായ രോഗത്താലോ വൈദ്യചികിൽസയിലോ ആകാം.
വിവാഹജീവിതത്തിലെ അസന്തുഷ്ടത.
മക്കൾ നിമിത്തമുള്ള ഹൃദയ വേദന.
ജോലി–സംബന്ധമായ പിരിമുറുക്കം.

നമ്മുടെ "ബന്ധനങ്ങളിൽ" എങ്ങനെ സന്തോഷിക്കാമെന്ന് 1:3–11 ൽ, പൗലൊസ് കാണിച്ചു തരുന്നു.

**അന്നും ഇന്നും (1:3–5)**

ദൈവത്തിന്നു സ്തോത്രത്തോടുകൂടി ഭൂതകാലത്തെ നോക്കിയതുകൊണ്ടാണ് പൗലൊസിന് ബന്ധനത്തിൽ സന്തോഷിക്കുവാൻ കഴിഞ്ഞത്. കഴിഞ്ഞകാല ജീവിതത്തിൽ ആളുകൾ നമ്മോട് ചെയ്ത മോശമായ കാര്യങ്ങളെ കുറിച്ച് ഓർത്ത് വിലപിച്ചു കഴിയുകയോ,–അല്ലെങ്കിൽ നല്ല കാര്യങ്ങളെ ഓർത്ത് ദൈവത്തിനു നന്ദി ചെലുത്തി സന്തോഷത്തോടെയോ കഴിയാം. *സന്തോഷം തിരഞ്ഞെടുക്കുന്നതാണ്*[13] എന്ന പേരിൽ ഒരു പുസ്തകം ഇറക്കിയിട്ടുണ്ട്. ചിലർ കരുതുന്നത് ആ തലക്കെട്ട് ഒരു അമിതപ്രസ്താവനയാണ് എന്നത്രെ. എങ്ങനെയായാലും, നാം ജീവിതത്തെ നോക്കി കാണുന്നതിനനുസരിച്ചാണ് നാം സന്തോഷിക്കുന്നതും സന്തോഷിക്കാതിരിക്കുന്നതും.

**നമ്മുടെ തിരഞ്ഞെടുപ്പുകൾ (1:3–5)**

നമുക്ക് കഴിഞ്ഞകാലത്തിലെ ഭയാശങ്കയിൽ കഴിയുകയോ അല്ലെങ്കിൽ നന്ദി ചെലുത്തിക്കൊണ്ടിരിക്കയോ ആകാം. ഒന്നുകിൽ ഭീരുത്വത്തോടെ അല്ലെങ്കിൽ വിശ്വാസത്തോടെ നമുക്ക് വർത്തമാന കാലത്തെ നോക്കി കാണാം. പ്രതീക്ഷയോടെയും പ്രാർത്ഥനയോടെയും നമുക്ക് ഭാവിയെ നോക്കി കാണാം. ഒന്നുകിൽ നമ്മുടെ ശക്തിയിൽ നമുക്ക് ആശ്രയിക്കാം, അല്ലെങ്കിൽ ദൈവത്തിലും യേശുവിലും ആശ്രയിക്കാം. ആദ്യം പറഞ്ഞ തിരഞ്ഞെടുപ്പ് നമ്മെ അസന്തുഷ്ടമാക്കും–നാം ഏതു തരത്തിലുള്ള "ബന്ധനം" അല്ലെങ്കിൽ "ചങ്ങല" ധരിച്ചാലും, രണ്ടാമത്തേത് നമ്മെ സന്തോഷത്തിലേക്ക് നയിക്കും.

**സുവിശേഷ ദൗത്യത്തിൽ പങ്കുചേരൽ (1:5)**

ഫിലിപ്പിയരുടെ സാമ്പത്തിക സഹായത്തെ പൗലൊസ് പറഞ്ഞ രീതി എനിക്കിഷ്ടമായി: "സുവിശേഷത്തിൽ പങ്കാളിത്തം ["കൂട്ടായ്മ"; കെജെവി]". ഞാനും കുടുംബവും ആസ്ട്രേലിയയിൽ മിഷ്ണറിപ്രവർത്തനം നടത്തിയിരുന്ന സമയത്ത്, ഓരോ മൂന്നു വർഷം കൂടുമ്പോഴും ഞങ്ങൾ അമേരിക്കയിൽ പോയി ഞങ്ങളെ സഹായിച്ച ഇടവകകളെ സന്ദർശിക്കുമായിരുന്നു. ഞങ്ങളുടെ സുവിശേഷ ദൗത്യത്തിൽ അവർ "കൂട്ടായ്മയാണ്" കാണിച്ചിരുന്നത് എന്നു മനസിലാക്കി അവരുടെ "പങ്കാളിത്തത്തിനു" ഞങ്ങൾ ഓരോ ഇടവകക്കും നന്ദി ചെലുത്തിയിരുന്നു.

**ദൈവസഹായത്തോടുകൂടി (1:6–8)**

ജീവിതത്തിലെ നമ്മുടെ വെല്ലുവിളി എന്തായാലും, നാം അത് ഓർക്കുകയും ദൈവത്തോടു നന്ദിയുള്ള മക്കളായിരിക്കയും വേണം. നാം സ്വയമായിട്ടല്ല വെല്ലുവിളികളെ നേരിടേണ്ടത്. ദൈവം നമ്മുടെ ജീവിതത്തിൽ പ്രവർത്തി

ക്കുന്ന ജീവനുള്ളവനായി തന്നെ ഇരിക്കുന്നു. "നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ" എന്നാണ് പൗലൊസ് കർത്താവിനെ വിവരിച്ചത് (എഫെ. 3:20). ദൈവം എന്താണ് ആരംഭിക്കുന്നതും പൂർത്തിയാക്കുന്നതും എന്ന് നാമും ഓർമ്മിക്കണം. "ഒരു പ്രവൃത്തിയുടെ മദ്ധ്യേ അവൻ സ്വയമായി നമ്മെ വിട്ടുപോകയില്ല."

സന്തോഷം ലഭിക്കുവാനുള്ള "രഹസ്യങ്ങളിൽ" ഒന്ന്, പ്രശ്നങ്ങളടക്കം നമ്മുടെ ജീവിതത്തെ കർത്താവിൽ ഭരമേൽപ്പിക്കുക എന്നതാണ്. ഒരു കടയിൽ കച്ചവടം നടത്തിക്കൊണ്ടിരുന്ന ആൾ ദിവസേന ആകുലപ്പെട്ടുകൊണ്ടിരുന്നു. ഒരു ദിവസം അയാൾ തന്റെ വ്യവസായത്തെ മുഴുവൻ കർത്താവിന്നായി ഭരമേൽപിച്ചു. "ഇത് നിന്റേതാണ്" എന്ന് അവൻ ദൈവത്തോട് പറഞ്ഞു. അപ്പോൾ അവന്റെ മനസിൽ സ്വസ്ഥത അനുഭവപ്പെടുകയും രാത്രി നന്നായി ഉറങ്ങുവാനും കഴിഞ്ഞു. ഏതാനും ദിവസങ്ങൾക്ക് ശേഷം രാത്രി അയാൾക്ക് ഒരു ഫോൺവിളി വന്നു. തന്റെ കട കത്തിക്കൊണ്ടിരിക്കുന്നു എന്നാണ് അറിയിച്ചത്. അയാൾ ചെല്ലുമ്പോൾ ആളുകളെല്ലാം ഓടിക്കൂടി തീയണക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. പക്ഷെ കടയുടമ നിർവ്വികാരനായി നോക്കിക്കൊണ്ടു നിന്നു. അതു കണ്ടതായ ആളുകൾ അയാളുടെ അടുത്തുവന്നു ചോദിച്ചു, "നിങ്ങളെന്താണ് ഇങ്ങനെ നോക്കി നിൽക്കുന്നത്?" അയാൾ അതിനു മറുപടി പറഞ്ഞത്, "അത് ഇപ്പോൾ എന്റേതല്ല, കർത്താവിനുള്ളതാണ്. അവൻ അത് കത്തിച്ചുകളയുകയാണെങ്കിൽ, അത് അവന്റെ ഇഷ്ടമാണ്."[14] അത്തരം പ്രതികരണം ആദ്യം യുക്തിരഹിതമെന്ന തോന്നലിനാൽ നമ്മിൽ ഞെട്ടലുണ്ടാക്കിയേക്കാം. എന്നാൽ മനോസ്വസ്ഥതക്ക് അത്തരം തീരുമാനം അനിവാര്യമാണ്. ചാൾസ് ആർ. സ്വൈന്റൽ എഴുതി, "എല്ലാം അയഞ്ഞ മട്ടിൽ കാണുകയും, വിചാരങ്ങളും, സമ്മർദ്ദവും പിരി–മുറുക്കവും, എല്ലാ പ്രശ്നങ്ങളും ദൈവത്തിൽ ഏൽപ്പിക്കുന്ന ആളുകളാണ് സന്തോഷമുള്ളവരായി ഞാൻ കണ്ടിട്ടുള്ളത്."[15] "ബന്ധനത്തിൽ" നമുക്ക് സന്തോഷിക്കുവാൻ കഴിയണമെങ്കിൽ, നാം ദൈവത്തിൽ വിശ്വസിച്ച് വർത്തമാനകാലത്തെ നോക്കി കാണണം.

**"ഭേദാഭേദങ്ങളെ വിവേചിക്കൽ" (1:10)**

ഏത് പ്രവൃത്തിയും, ഏതു ഉപദേശവും നാം പരിശോധിക്കുവാൻ പഠിക്കണം. "വചന പരിശോധനയും" "ഫല പരിശോധനയും" ആയ രണ്ട് മൂലകങ്ങളാണ് നമുക്ക് പരിശോധിക്കുവാനുള്ളത് (മത്താ. 7:16; റോമർ 12:2; 2 കൊ. 2:9; 13:5; യാക്കൊ. 1:22; 1 യോഹ. 4:1; വെളി. 2:2 നോക്കുക). ഇങ്ങനെ എല്ലാം പരിശോധിക്കുവാൻ കഴിഞ്ഞാൽ അത് ചെറിയ നേട്ടമായിരിക്കയില്ല കൊണ്ടുവരുന്നത്, കാരണം പലർക്കും നന്മയും തിന്മയും, തെറ്റും തിരിച്ചറിയുവാൻ കഴിയുന്നില്ല എന്നതാണ് പരമാർത്ഥം.

---

കുറിപ്പുകൾ

[1]പുസ്തകത്തിന്റെ "നന്ദി പ്രകാശിപ്പിക്കലോടുകൂടി" ആണ് ഫിലിപ്പിയർ 1:3–11 തുടങ്ങുന്നത്. ഖണ്ഡിക ആരംഭിക്കുന്നത് സ്തോത്രത്തോടുകൂടിയാണ്, എന്നാൽ ഭാഗത്ത് കൂടുതൽ കാര്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. [2]*ദ അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൻ* (ലണ്ടൻ: സാമുവെൽ ബാഗ്സ്റ്റർ & സൺസ്, ലിമിറ്റഡ്., 1971),

235. [3]ഇബിഡ്., 162. [4]വാരെൻ ഡബ്ലിയു. വിയേഴ്സ്ബേ, ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി, വാല്യം. 2 (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1989), 66. [5]"അപ്പോളജെറ്റിക്സ്" എന്ന വാക്ക് ദൈവത്തിലും ക്രിസ്തുവിലും, ബൈബിളിലും ഉള്ള വിശ്വാസത്തെ കാര്യകാരണസഹിതം പ്രത്യേക ഊന്നൽ കൊടുത്തുള്ള ക്രിസ്ത്യാനിത്വത്തെ പ്രതിരോധിക്കുന്ന ഭാഗത്തെയാണ് സൂചിപ്പിക്കുന്നത്. [6]*അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൻ*, 45. [7]ഇബിഡ്., 373. [8]ഡബ്ലിയു. ഈ. വൈൻ, *ദ എക്സ്പാന്റഡ്, വൈൻസ് എക്സ്പോസിറ്ററി ഡിക്ഷ്ണറി ഓഫ് ന്യു ടെസ്റ്റമെന്റ് വേർഡ്സ്*, എഡി. ജോൺ ആർ. കോഹ്ലെൻ ബെർജർ (മിന്നെപൊലിസ്: ബെഥനി ഹൗസ് പബ്ലിഷിങ് ഹൗസ്, 1984), 629 (എംഫസിസ് ആഡഡ്). [9]*അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൻ,* 9. [10]ജെയിംസ് ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ ഗലേഷ്യൻസ്, എഫെഷ്യൻസ്, ഫിലിപ്പിയൻസ്, കൊലൊഷ്യൻസ്* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ് ഹൗസ്, 1977), 265.

[11]*അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൻ*, 118. [12]ഇബിഡ്., 49. [13]ഫ്രാങ്ക് മിനിർത്ത് ആന്റ് പോൾ ഡി. മേയിർ, *ഹാപ്പിനസ് ഈസ് ഏ ചോയിസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1978). [14]ഈ ചിത്രീകരണം എടുത്തിരിക്കുന്നത് ചാൾസ് ആർ. സ്വൈന്റൽ, *ലാഫ് എഗെയിൻ* (ഡള്ളാസ്: വേർഡ് പബ്ലിഷിങ്, 1992), 40–41. [15]ഇബിഡ്., 41.